LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നില്ല. രജിസ്ട്രേഷൻ എടുക്കാതെ വൻതോതിൽ ബിസിനസ്സ് നടത്തുന്ന ഹോട്ടലുകളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ഇത് സഹായകമാകും എന്ന് കരുതുന്നു. ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ ഒന്നും ഇതുവരെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രസ്തുത മേഖലയിൽ ജി.എസ്.ടി. നടപ്പാക്കിയാൽ നികുതി വകുപ്പ് നികുതി ചുമത്തുന്നത് നിർത്തലാക്കുമോ; എങ്കിൽ ആയത് സംസ്ഥാനത്തെ നികുതി പിരിവിനെ എത്തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഇല്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാദ്ധ്യത ഹോട്ടലുകളിൽനിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കാവും. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് ഹോട്ടലുകൾക്ക് നികുതി അടച്ചാൽ മതിയാവും. കൂടുതൽ വിവരങ്ങൾ വിജ്ഞാപനം ഇറങ്ങുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത മേഖലയിൽ ഉപഭോക്താവിൽനിന്നും നികുതി വസൂലാക്കുകയും യഥാസമയം നികുതി വകുപ്പിന് നൽകാതിരിക്കുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കുവാൻ സാധിക്കുകയില്ല.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന

120 (505) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയിൽനിന്നും സംസ്ഥാനത്തിന് കിട്ടുന്ന നികുതി വരുമാനം യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

30-9-2021-ലെ അടിസ്ഥാന വില അനുസരിച്ച് യൂണിറ്റ് അടിസ്ഥാനത്തിൽ പെട്രോൾ, ഡീസൽ എന്നിവയിൽനിന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു*. നിലവിൽ ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന്, ചരക്കുസേവന നികുതി നിയമപ്രകാരം വിജ്ഞാപനത്തിലെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം ഷെഡ്യൂൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ വിഭാഗങ്ങൾക്ക് 5% [2.5% CGST + 2.5% SGST] നികുതി നിശ്ചയിച്ചിരിക്കുന്നു. മറ്റുള്ളവയ്ക്ക് 18% [9% CGST + 9% SGST] നികുതി ബാധകമാണ്. നിലവിൽ പാചകവാതകം ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുന്നവയാണ്. യൂണിറ്റടിസ്ഥാനത്തിൽ പ്രസ്തുത ഉൽപ്പന്നത്തിൽനിന്ന് ലഭിക്കുന്ന നികുതി വിവരം നിലവിൽ ലഭ്യമല്ല.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനമൂലം സാധാരണ ജനങ്ങൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ ഇവയുടെ വില നിയന്ത്രണത്തിനായി സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ ഇളവ് അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. അതിനുശേഷം പെട്രോളിന്റേയും ഡീസലിന്റേയും വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടില്ല.

പെട്രോൾ -ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തൽ

121 (506) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്.